**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1553** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടത്തിയ പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** എറണാകുളം മഹാരാജാസ് കോളേജിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

**<u>മറുപടി:</u>** എറണാകുളം മഹാരാജാസ് കോളേജിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനെ സിന്തറ്റിക്ക് ട്രാക്കിന്റെ നവീകരണം, സിന്തറ്റിക്ക് ഹോക്കി ടർഫിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ച് കോളേജിന് കൈമാറിയിട്ടുണ്ട്.

**(ബി)** സ്പോർട്സ് കേരള ഫൗണ്ടേഷൻ നവീകരിച്ച എറണാകുളം മഹാരാജാസ് കോളേജിലെ സിന്തറ്റിക്ക് ട്രാക്കിന്റെ അലുമിനിയം ബോർഡർ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് കോളേജ് പ്രിൻസിപ്പൽ അറിയിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് കോളേജ് പ്രിൻസിപ്പലിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടില്ല. മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ തകർന്ന അലുമിനിയം കെർബുകൾ മാറ്റി പുതിയത് സ്ഥാപിക്കണമെന്ന അഭ്യർത്ഥിച്ച് എറണാകുളം നിയോജക മണ്ഡലം ബഹു.എം.എൽ.എയുടെ 03.09.2026-ൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ തകർന്ന അലുമിനിയം കെർബുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

**സെക്ഷൻ ഓഫീസർ**